(ബി) ഈ സർക്കാരിന്റെ ഭരണ കാലത്ത് മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതരായ എത്ര പേർക്ക് സമാശ്വാസ തൊഴിൽ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനിൽ ജോലി നൽകി എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. ശ്രീ. സി. കെ. സുനിൽകുമാർ
2. ,, ഹരി വിശ്വനാഥ്
3. ,, ബാബു കുര്യൻ
4. ,, വിനോദ്, ജെ.
5. ,, പ്രേം പ്രസാദ്
6. ,, ബിജു, വി. ബി.

(ബി) ഈ സർക്കാരിന്റെ ഭരണ കാലത്ത് മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതരായ നാലുപേർക്ക് സമാശ്വാസ തൊഴിൽ പദ്ധതി പ്രകാരം കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷനിൽ ജോലി നൽകിയിട്ടുണ്ട്.

ജന്തുരോഗ നിയന്ത്രണ മേഖലയാക്കാൻ പദ്ധതി

121 [423] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജന്തുരോഗ നിയന്ത്രിത മേഖലയാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) 2004 മാർച്ച് 27-ന് കേരള സർക്കാർ ദേശീയ ക്ഷീര വികസന ബോർഡുമായി ഒപ്പുവച്ച ദീർഘകാല കരാറിലെ വ്യവസ്ഥകളെന്തെല്ലാമാണ്;

(സി) സംസ്ഥാനത്തെ ജന്തുരോഗ നിയന്ത്രണത്തിന് ദേശീയ ക്ഷീരവികസന ബോർഡിൽനിന്ന് എന്തെങ്കിലും സാമ്പത്തിക സഹായം ലഭ്യമാക്കുമോ;

(ഡി) കുളമ്പുരോഗ നിയന്ത്രണത്തിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്?

ഉത്തരം

(എ) സംസ്ഥാനത്തെ ജന്തുരോഗ നിയന്ത്രിത മേഖലയാക്കാൻ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അതിൽ കുളമ്പുരോഗം നിയന്ത്രിക്കുന്നതിനാണ് കൂടുതൽ പ്രാധാന്യം നൽകി വരുന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നിവിടങ്ങളിൽ കേന്ദ്രസഹായത്തോടെയുള്ള കുളമ്പുരോഗ നിയന്ത്രണ പദ്ധതി ഇപ്പോൾ തന്നെ നടപ്പിലാക്കി വരുന്നു. ഒന്നാംഘട്ട കുത്തിവയ്പ് തുടരുന്നു. ദേശീയ ക്ഷീര വികസന ബോർഡിന്റെ സഹായത്തോടെയുള്ള ഈ പദ്ധതി സംസ്ഥാനമൊട്ടാകെ ഉടനെതന്നെ നടപ്പിലാക്കുന്നതാണ്. ഇതിനു പുറമെ പ്രാധാന

LIBRARY ARCHIVES Kerala Legislative Assembly

കന്നുകാലി രോഗങ്ങളായ അടപ്പൻ (ആന്ത്രാക്സ്) കുരലടപ്പൻ (ഹെമറാജിക് സെപ്റ്റിസീമിയ) കരിങ്കൊറു (ബ്ളാക്ക് ക്വാർട്ടർ) എന്നീ രോഗ പ്രതിരോധ കുത്തിവയ്പ് രോഗസാധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ നടപ്പിലാക്കുന്നു. ബ്രൂസല്ലോസിസ് എന്ന രോഗം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ഈ വർഷം തുടങ്ങുന്നതാണ്. ജന്തു രോഗ നിർണ്ണയം ശാസ്ത്രീയമായി സ്ഥിരീകരിക്കുന്നതിന് രോഗനിർണ്ണയ ലബോറട്ടറികൾ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും 10-ാം പദ്ധതിയിൽ കേന്ദ്രസഹായം പ്രതീക്ഷിക്കുന്നു. പ്രതിരോധ വാക്സിനുകളും മറ്റും നിർമ്മിക്കുന്നതിനായി വാക്സിൻ നിർമ്മാണ യൂണിറ്റായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിനെ ശക്തിപ്പെടുത്തുന്നതിനും കേന്ദ്ര സഹായ പദ്ധതിയുടെ കീഴിൽ നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിനെല്ലാം സഹായകമാകുന്ന രീതിയിൽ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികളും നടപ്പിലാക്കി വരുന്നു.

(ബി) 1. സംസ്ഥാനമൊട്ടാകെ കുളമ്പുരോഗ നിയന്ത്രണത്തിനാണ് ഈ പരിപാടി ലക്ഷ്യമിട്ടിട്ടുള്ളത്.

2. 80 ശതമാനം മൃഗങ്ങളെയെങ്കിലും രോഗപ്രതിരോധ കുത്തിവയ്പിന് വിധേയമാക്കും.

3. രോഗ നിരീക്ഷണത്തിനും പ്രതിരോധ ശക്തി തിട്ടപ്പെടുത്തുന്നതിനുമുള്ള വിദഗ്ദ്ധ പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകുന്നതിന് പുറമെ അതിനുള്ള സൗകര്യവും ഏർപ്പെടുത്തും.

4. ഒരു പ്രോജക്ട് കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ സ്വതന്ത്ര പ്രോജക്ടായിട്ടായിരിക്കും പ്രവർത്തിക്കുക.

5. ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് അലവൻസുകളും കൂടാതെ കെട്ടിട വാടക, വൈദ്യുതി, വെള്ളം, ടെലഫോൺ, തപാൽ ചാർജ്ജ് എന്നിവയും കേരള സർക്കാർ വഹിക്കും.

6. ഇൻഡ്യൻ ഇമ്മ്യൂണോളജിക്കൽസ് ലിമിറ്റഡ്, ഹൈദരാബാദ് ഉൽപ്പാദിപ്പിക്കുന്ന വാക്സിൻ ആണ് എൻ.ഡി.ഡി.ബി. വാങ്ങി 11 ജില്ലകളിലേക്ക് ഈ പദ്ധതി വഴിയായി വിതരണത്തിനായി നൽകുന്നത്. കൂടാതെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ മൂന്നു ജില്ലകളിൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ഐ.ഐ.എൽ.-ൽ നിന്നും വാക്സിൻ വാങ്ങി വിതരണം ചെയ്യുന്നു.

7. കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്/ചെവിയിൽ അടയാളക്കമ്മൽ കുത്തുക/രോഗം ഉണ്ടായാൽ റിപ്പോർട്ടു ചെയ്യുക എന്നിവ നിർബന്ധമാക്കും. പ്രതിരോധ കുത്തിവയ്പ് അഞ്ചു വർഷത്തിനു ശേഷം തുടർന്നു നടത്തുന്നതിനു വേണ്ടി പശു, എരുമ, പന്നി എന്നിവയ്ക്ക് 5 രൂപ വീതവും ആട്, ചെമ്മരിയാട് എന്നിവയ്ക്ക് 3 രൂപ വീതവും കർഷകരിൽ നിന്ന് ഈടാക്കി ഒരു സഞ്ചിതനിധി രൂപീകരിക്കുന്നതാണ്.

(സി) ലഭ്യമാക്കും. ദേശീയ ക്ഷീരവികസന ബോർഡുമായി സംസ്ഥാന സർക്കാർ ഉണ്ടാക്കിയിട്ടുള്ള ഉടമ്പടി പ്രകാരം 25 കോടിയോളം രൂപയാണ് എൻ.ഡി.ഡി.ബി. ധനസഹായം. ബാക്കിവരേണ്ടുന്ന രൂപ കേരള സർക്കാർ വഹിക്കണമെന്നാണ് വ്യവസ്ഥ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ കേന്ദ്ര സഹായ പദ്ധതി പ്രകാരം ഇപ്പോൾ തന്നെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ദേശീയ ക്ഷീര വികസന ബോർഡിന്റെ ധനസഹായത്തോടുകൂടി സംസ്ഥാനമൊട്ടാകെ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

കയർമേഖല നേരിടുന്ന പ്രതിസന്ധി

122 [426] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കയർ മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ;

(ബി) തൊണ്ടിന്റെയും ചകിരിയുടെയും ദൗർലഭ്യം പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിനകത്തു നിന്നുതന്നെ കയർ മേഖലയ്ക്കാവശ്യമായ തൊണ്ട് ലഭ്യമാണോ; ഇതു സംബന്ധിച്ച എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് ചകിരി ഇറക്കുമതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ എവിടെനിന്നെല്ലാമാണ് ഇറക്കുമതി ചെയ്യുവാനുദ്ദേശിക്കുന്നത്;

(എഫ്) കെട്ടിക്കിടക്കുന്ന കയറും കയറുല്പന്നങ്ങളും വിറ്റഴിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്തെ കയർ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധി ചകിരിയുടെ ദൗർലഭ്യമാണ്. ഇത് അടിയന്തിരമായി പരിഹരിക്കാൻ കർണ്ണാടകത്തിൽ നിന്നും ലക്ഷദ്വീപിൽ നിന്നും ചകിരി കയർ കോർപ്പറേഷൻ വഴിയും കയർഫെഡ് വഴിയും കൊണ്ടുവരുന്നു. കയറ്റുമതിക്കെതിരെ ഇറക്കുമതി എന്ന പദ്ധതി പ്രകാരം ശ്രീലങ്കയിൽ നിന്നും ചകിരി ഇറക്കുമതി ചെയ്യുന്നതിന് കയർഫെഡും കയർ കോർപ്പറേഷനും ഫോമിലും ആലോചിച്ചു വരുന്നു. സഹകരണ മേഖലയിലുള്ള ഡീഫൈബറിംഗ് യൂണിറ്റുകളെ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. ചകിരിയുടെ ദൗർലഭ്യം കണക്കിലെടുത്ത്, സ്വകാര്യമേഖലയിലെ യന്ത്രവൽകൃത ഡീഫൈബറിംഗ് യൂണിറ്റുകൾക്കും പ്രത്യേക സബ്സിഡിയായി യന്ത്രസാമഗ്രിയുടെ വിലയുടെ 50 ശതമാനം 5 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നൽകുന്നതാണ്. കൂടാതെ ചകിരി ശ്രീലങ്കയിൽനിന്ന് താൽക്കാലികമായെങ്കിലും ഇറക്കുമതിച്ചുങ്കം ഒഴിവാക്കിക്കൊണ്ട് ഇറക്കുമതി ചെയ്യുന്നതിനനുമതിക്കായി കേന്ദ്ര ഗവൺമെന്റിനോടഭ്യർത്ഥിച്ചിട്ടുണ്ട്. ലക്ഷദ്വീപിൽ നിന്നും തൊണ്ട് കൊണ്ടുവരുവാനുള്ള ശ്രമങ്ങൾ നടത്തിയിരുന്നുവെങ്കിലും ഫലവത്തായില്ല. തൊണ്ട്, ചകിരി ഇവ സംഭരിക്കുന്നതിന് 2004-2005-ലെ ബഡ്ജറ്റിൽ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കെട്ടിക്കിടക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും

LIBRARY ARCHIVES Kerala Legislative Assembly